ഉത്തരം

(എ & ബി)

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം
2011 (18-5-2011-31-12-2011)	566	277
2012	824	374
2013	796	402
2014	854	382
2015 (31-5-2015 വരെ)	354	50

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ സംഘടിത മോഷണം

230 (234) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2014-15 വർഷങ്ങളിൽ എത്ര മോഷണങ്ങൾ നടന്നിട്ടുണ്ടെന്നും ഏതെല്ലാം ക്രൈം നമ്പറിൽ എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാമാണ് തെളിയിക്കപ്പെട്ടിട്ടുള്ളത് ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) സംഘടിത മോഷണം തുടർച്ചയായി നടക്കുന്നത് കണ്ടുപിടിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2014 വർഷത്തിൽ 71 കേസുകളും 2015 വർഷത്തിൽ 35 കേസുകളും മോഷണത്തിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, അന്വേഷണ അവസ്ഥയിലുള്ള കേസിന്റെ വിവരം, തെളിയിക്കപ്പെട്ട കേസുകളിന്മേൽ കുറ്റപത്രം നൽകിയ കേസുകളുടെ വിവരം എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നത് കണ്ടാലും.

(സി) കൊണ്ടോട്ടി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ച് അന്വേഷണം നടന്നുവരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടന്ന അതിക്രമങ്ങൾ

231 (235) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേർ പ്രതികളായിട്ടുണ്ട് ; ഇതിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ; വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേർ പ്രതികളായിട്ടുണ്ട് ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട് ; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.